# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2624 18.06.2018 ൽ മറുപടിക്ക്

### പൊതുമരാമത്ത് കെട്ടിട നിർമ്മാണം

**ചോദ്യം**
ശ്രീ.ഹൈബി ഈഡൻ

**മറുപടി**
ശ്രീ.ജി.സുധാകരൻ
(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ കെട്ടിടം നിർമ്മിക്കുന്നതിനായി ടെണ്ടർ വിളിച്ച് കെട്ടിടം പണി പൂർത്തിയായതിന് ശേഷം മാത്രമേ ഇലക്ട്രിക്കൽ, പ്ലംബിംഗ്, ഇലക്ട്രോണിക് വർക്കുകൾ, ലിഫ്റ്റ് എന്നിവയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നുള്ളൂ എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് കാരണം നല്ല ഫിനിഷിംഗോടുകൂടി കെട്ടിട നിർമ്മാണം പൂർത്തിയാക്കിയ ഹൈടെക് ക്ലാസ് റൂമുകൾ ഫിനിഷിംഗില്ലാതെ ഉദ്ഘാടനം ചെയ്യേണ്ടിവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) കെട്ടിട നിർമ്മാണം നടക്കുന്ന സമയത്ത് ഭിത്തികളുടെ പ്രവൃത്തികൾ പൂർത്തിയായതിനുശേഷം ഇലക്ട്രിക്, പ്ലംബിംഗ്, ഇലക്ട്രോണിക്സ് വർക്കുകൾ കൂടി നടത്തിയതിനുശേഷം മാത്രം പ്ലാസ്റ്ററിങ്ങ് നടത്തിയാൽ മതി എന്ന നിർദ്ദേശം നൽകുമോ?

(എ) (ബി) & (സി) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ കെട്ടിട നിർമ്മാണം, സിവിൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ്, ഇലക്ട്രോണിക്സ്, ലിഫ്റ്റ് എന്നീ വർക്കുകൾ ഏകോപിപ്പിച്ച് തന്നെയാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ